# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7941 - 16/07/2014 -ലെ മറുപടിക്ക്

### 2011-12 ലെ പബ്ളിക് എക്സപെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2011-12 വർഷത്തെ പബ്ളിക് എക്സപെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | 2011-12 വർഷത്തെ പബ്ളിക് എക്സപെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സെയിൽസ് ടാക്സ് പ്രാക്ടീഷനർമാർ, നികുതി ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ വ്യാപാരികൾ കണക്കുകൾ കുറച്ചു കാണിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിന് കർശന നടപടികൾ കൈകൊള്ളണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>2. നികുതി അടയ്ക്കുന്നത് ഒഴിവാക്കുന്നതിനായി ചരക്ക് ഇല്ലാത്ത വണ്ടികളാണ് ചെക്പോസ്റ്റു വഴി കടന്നു പോകുന്നതെന്ന് വ്യാപാരികൾ പ്രസ്താവന നടത്തുന്നു. നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയിലൂടെ ഇത്തരം പ്രവണതകൾ തടയാനും ഇതിലൂടെ വരുമാന വളർച്ച മെച്ചപ്പെടുത്തുവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>3. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ അടിയന്തിരമായി നടപടി കൈകൊള്ളുവാനും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br><br>4. കമ്മികൾ നിയന്ത്രിച്ച് കടത്തിന്റെ വളർച്ച കുറയ്ക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.<br><br>5. റബ്ബറിന്റെ ഉൽപാദനവും ഇതിൻമേലുള്ള വാറ്റ് ലഭ്യതയും തമ്മിൽ കടുത്ത അന്തരം നിലനിൽക്കുന്നതിനാൽ, റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി |

| | |
|---|---|
| | വെട്ടിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.<br><br>6. സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള എല്ലാ വായ്പകളും യഥാസമയം തിരിച്ചു പിടിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ധനകാര്യവകുപ്പിൽ കേന്ദ്രീകൃത സംവിധാനം വേണ്ടതാണ്.<br><br>7. സാമൂഹ്യ മേഖലയിലെ വിവിധ സേവനങ്ങളിൽ നിന്നുള്ള യൂസർ ഫീ മെച്ചപ്പെട്ട രീതിയിൽ സമാഹരിക്കുന്നതിനും തദ്വാര സാമൂഹ്യമേഖലയിലെ സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>8. വരുമാന വളർച്ചാ തോത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി സാമ്പത്തിക മേഖലയിലെ വിവിധ സേവനങ്ങളുടെ നിരക്ക് ഉചിതമായി പുനർ നിർണയിക്കാവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>9. സർക്കാർ ജീവനക്കാരുടെയും, സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളിലെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിലുള്ള 56 വർഷത്തിൽ നിന്ന് 58 ആക്കി ഉയർത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>10. സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ സ്കൂളുകളിലെയും റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്ക് ലാഭകരമല്ലാത്ത സ്കൂളുകളിലെ അധിക ജീവനക്കാരെ പുനർ വിന്യസിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.<br><br>11. ഗതാഗതം, ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, ജലവിഭവ സംരക്ഷണം, ഭവനം, വാർത്താവിനിമയം, പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വർഗ്ഗ ക്ഷേമം, വിദ്യാഭ്യാസം, കല സംസ്കാരികം, സഹകരണം എന്നീ മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം നടത്തുന്നതിന് മുൻഗണന നൽകണം.<br><br>12.വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താനും അധികമുള്ള ജീവനക്കാരെ |

| | |
|---|---|
| | പുനർവിന്യസിക്കാനും നടപടി കൈ കൊള്ളുവാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>13. പ്ലാൻ ഫണ്ട് മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ളത് പോലെ 10:30:30:30 എന്ന അനുപാതത്തിൽ പാദാന്ത്യത്തിൽ ഫണ്ട് ധനകാര്യ വകുപ്പ് തന്നെ നൽകേണ്ടതാണെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. |
| (ബി) റിപ്പോർട്ടിൽ സാധാരണക്കാർക്കും സർക്കാർ ജീവനക്കാർക്കും വിദ്യാർത്ഥി കൾക്കും മറ്റും പ്രതികൂലമാകുന്ന ശുപാർശകളിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ; | സർക്കാർ ഓഫീസുകൾ/സ്ഥാപന ങ്ങളിലെയും സാമൂഹ്യമേഖലകളിലെയും സർവ്വകലാശാലകളിലെയും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കു ന്നതിനുമുള്ള ശുപാർശകളാണ് കമ്മിറ്റി നടത്തിയിട്ടുള്ളത്. |
| (സി) അൺ എക്കണോമിക്കായ സർക്കാർ /എയിഡഡ് സ്കൂളുകൾ അടച്ചുപൂട്ടണമെന്ന നിർദ്ദേശത്തിൽ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ സ്കൂളുകളിലെയും റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്ക് ലാഭകരമല്ലാത്ത സ്കൂളുകളിലെ അധിക ജീവനക്കാരെ പുനർവിന്യസിക്കണമെന്ന് മാത്രമാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**